## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *255 — 18-06-2019 -ൽ മറുപടിക്ക്

## ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രവർത്തനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ**<br>**ശ്രീ. പി.ടി. തോമസ്**<br>**ശ്രീ. എം. വിൻസെന്റ്**<br>**ശ്രീ. കെ.എസ്.ശബരീനാഥൻ** | | **ഇ.ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | കേന്ദ്ര ദുരന്ത നിവാരണ നിയമത്തിന്റെയും സംസ്ഥാന ദുരന്തനിവാരണ ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ ദുരന്തനിവാരണ അതോറിറ്റിയുടെ പ്രവർത്തനങ്ങളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | എ) | ദുരന്ത നിവാരണ നിയമം 2005 അനുസരിച്ച് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, അതോറിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി, സംസ്ഥാന അതോറിറ്റിയുടെ ക്രൈസിസ് മാനേജ്മെന്റ് കമ്മിറ്റികൾ, സംസ്ഥാന അതോറിറ്റിയുടെ ഉപദേശക സമിതികൾ, ജില്ല ദുരന്ത നിവാരണ അതോറിറ്റികൾ, സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രം, സംസ്ഥാന വരൾച്ചാ നിരീക്ഷണ സെൽ, ജില്ലാ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങൾ എന്നിവ പ്രവർത്തിച്ചു വരുന്നു. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ കാര്യാലയം കാര്യക്ഷമമായി പ്രവർത്തനം ആരംഭിച്ചത് 2012 മുതൽ ആണ്. സംസ്ഥാന തലത്തിൽ ദുരന്ത സാഹചര്യങ്ങളുടെ അപഗ്രഥനം, വിവര ശേഖരണം, കേന്ദ്ര ചട്ടപ്പടി സാധ്യമായവയുടെ മുന്നറിയിപ്പ് നൽകൽ, കേന്ദ്ര-സംസ്ഥാന പ്രതികരണ സേനകളുടെ ഏകോപനം എന്നിവ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നിർവ്വഹിച്ചു വരുന്നു. ജില്ലാ തലത്തിൽ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ജില്ലാ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രവും പ്രവർത്തിച്ചു വരുന്നു. ഈ സംവിധാനങ്ങൾ 24 മണിക്കൂറും പ്രവർത്തിക്കുന്നു.<br>സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി കാലവർഷ-തുലാവർഷ മുന്നൊരുക്ക, ദുരന്ത പ്രതികരണ മാർഗരേഖ തയ്യാറാക്കി. ഈ മാർഗ രേഖയും, സംസ്ഥാനത്ത് Incident Response System 09.05.2019-ലെ സ.ഉ(സാധാ) |

| | | | |
|---|---|---|---|
| | | | നം.280/2019/ഡി.എം.ഡി പ്രകാരം അംഗീകരിച്ചിട്ടുണ്ട്. മേൽ രേഖയിൽ ദുരന്ത സാഹചര്യം വിലയിരുത്തുവാനും, 30 വകുപ്പുകളും കേന്ദ്ര സേനകളും ദുരന്ത സാഹചര്യങ്ങൾ എങ്ങിനെ നേരിടണം എന്നും നിർദ്ദേശം നല്കിയിട്ടുണ്ട്. |
| ബി) | പ്രസ്തുത അതോറിറ്റി പ്രാപ്തരായ കൂടുതൽ വിദഗ്ധരെ ഉൾപ്പെടുത്തി പുനസംഘടിപ്പിക്കുവാൻ ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ; | ബി) | ദുരന്ത നിവാരണ അതോറിറ്റി കേന്ദ്ര ദുരന്ത നിവാരണ നിയമപ്രകാരം പ്രവർത്തിച്ചു വരുന്നു. ഏതെങ്കിലും വിഷയത്തിൽ നല്ല ഗാഢമായ അറിവും പരിചയവും ഉള്ളവരാണ് ദുരന്തനിവാരണത്തിൽ പ്രത്യേക പരിശീലനം നടത്തി ആ രംഗത്ത് ജോലിക്കായി വരേണ്ടത് എന്ന ഐക്യരാഷ്ട്ര സഭ പരിസ്ഥിതി സമിതിയുടെ ദുരന്ത നിവാരണ മേധാവിയുടെ വ്യക്തമായ ഉപദേശം കൂടി തേടി അതോറിറ്റിയിൽ പുതുതായി 16 വിദഗ്ധരെ 2017-2018 ൽ നിയോഗിച്ചു. നിലവിൽ വയനാട്ടും, കാസർഗോഡും ഒഴികെയുള്ള ജില്ലകളിൽ വിഷയ വിദഗ്ധരുടെ സേവനം ലഭ്യമാണ്. സാധാരണ സമയങ്ങളിൽ ഇവർ സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതി അനുസരിച്ചുള്ള, അതതു വിഷയങ്ങളിലെ വൈദഗ്ധ്യം അനുസരിച്ചുള്ള പ്രവർത്തനത്തിൽ ഏർപ്പെടും. അടിയന്തിര ഘട്ടങ്ങളിൽ ഇവർ അതാത് എമർജൻസി ഓപ്പറേഷൻസ് സെന്ററുകളുമായി ചേർന്ന് പ്രവർത്തിക്കുന്നു. ഇവർക്ക് പല കേന്ദ്ര സ്ഥാപനങ്ങളിലും പരിശീലനം നൽകിയിട്ടുണ്ട്. United Nations Development Programme, SPHERE India, UNICEF എന്നിവരുടെ സഹകരണത്തോടെ സംസ്ഥാന അതോറിറ്റിയിലും, ജില്ലാ അതോറിറ്റികളിലും ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾക്ക് അധിക സാങ്കേതിക വിദഗ്ദ്ധരെ ലഭ്യമാക്കിയിട്ടുണ്ട്. |
| സി) | ലോകബാങ്ക്, ഐക്യരാഷ്ട്രസഭാ സംഘം എന്നിവർ അതോറിറ്റിയെ എപ്രകാരം ശാക്തീകരിക്കണമെന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം | സി) | ലോകബാങ്കിന്റെ ജെ.ആർ.ഡി.എൻ.എ (Joint Rapid Damage and Needs Assessment) Page 113 ൽ പരാമർശിക്കുന്നത് "The Kerala State Disaster Management Authority (KSDMA), |

| | | | |
|---|---|---|---|
| | നൽകിയിട്ടുണ്ടോ; അതിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് ഇതിനകം നടപ്പിലാക്കിയിട്ടുള്ളത്; വിശദമാക്കുമോ? | | established in 2007 under the Disaster Management Act 2005, has fulfilled its mandate over the years in promoting awareness on disaster risks faced by the State and building scientific evidence-base to support risk-informed development planning" എന്നാണ്.<br>ഐക്യരാഷ്ട്ര സഭ സംഘം നടത്തിയ Post Disaster Need Assessment ലെ നിർദ്ദേശം ഉൾകൊണ്ടുകൊണ്ട് അതോറിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി, അതോറിറ്റിയിൽ Environment Planner, Meteorologist, Safety Engineer, Computer Programmer, Communication Engineer, Disaster Management Legal Expert, Social Capacity Building Specialist, Field Assistant, Office Manager, Multi Tasking Officer, Accountant എന്നീ അധിക തസ്തികകൾ കോൺട്രാക്ട് ആയി അനുവദിക്കുവാൻ ശിപാർശ ചെയ്തിട്ടുണ്ട്. ഒഴിവുള്ള System Administrator, Research Associate, Field Assistant, Finance Manager, Hazard Analyst എന്നീ തസ്തികകൾ കോൺട്രാക്ട് ആയി നികത്തുവാൻ അനുവദിച്ചു. |

സെക്ഷൻ ഓഫീസർ